ഗവണ്മെന്റ് കോർപ്പറേഷനുകളിലേയും, ഗവണ്മെന്റ് ഉടമസ്ഥതയിലുള്ള കമ്പനികളിലേയും നിയമനങ്ങൾ

5 [6] **ശ്രീ. എൻ. കെ. ബാലകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഗവണ്മെന്റ് രൂപീകരിച്ച കോർപ്പറേഷനുകളിലേയും ഗവണ്മെന്റുടമയിലുള്ള കമ്പനികളിലേയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കുവാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ മുതൽ;

(സി) ഈ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ അഴിമതികൾ നടന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതേപ്പറ്റി ഒരന്വേഷണം നടത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്):

(എ, ബി) ഈ കാര്യം ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(സി) ഗവണ്മെന്റിനറിവില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ കെ.എം. മാണി: 'ഈ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ അഴിമതികൾ നടന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ' എന്ന ചോദ്യത്തിനു', 'ഗവണ്മെന്റിനറിവില്ല' എന്നാണു' മറുപടി പറഞ്ഞതു'. ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ ഉദ്യോഗ നിയമനങ്ങളിൽ 50 ശതമാനം മാർക്സിസ്റ്റു പാർട്ടിക്കാരെ സംഘടിപ്പിച്ചു നിയമനം ചെയ്തിരിക്കുകയാണെന്നും, ജില്ലാ കമ്മിറ്റിയുടേയും സ്റ്റേറ്റു കമ്മിറ്റിയുടെയും ശുപാർശയനുസരിച്ചാണു' വിഹിതം നിശ്ചയിക്കുന്നതെന്നും, അതിനു തെളിവായി കണ്ണൂർ ജില്ലാ കമ്മിറ്റി അയച്ച ഒരു ലറ്ററിന്റെ ഫോട്ടോസ്റ്റാറ്റു തെളിവായി ഹാജരാക്കി കഴിഞ്ഞ നിയമസഭയിൽ ഞാൻ ഉന്നയിച്ച ആരോപണത്തെപ്പറ്റി ഗവണ്മെന്റു' അന്വേഷിക്കുകയുണ്ടായോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഗവണ്മെന്റു' പരിശോധിച്ചു. അത്തരത്തിലുള്ള നിയമനങ്ങൾ നടന്നിട്ടില്ല.

ശ്രീ. എൻ. കെ. ശേഷൻ: ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുന്ന കാര്യത്തിൽ എത്രകാലത്തിനകം തീരുമാനം ഉണ്ടാകും ?

ശ്രീ ഇ എം. ശങ്കരൻ നമ്പൂതിരിപ്പാട്: വളരെ കാലതാമസമുണ്ടാവുകയില്ല.

ശ്രീ. ഇ ചന്ദ്രശേഖരൻ നായർ: നിയമനാധികാരം പി. എസ്. സി. ക്കു നൽകണമെന്നാണോ വേറെ വല്ല ബോഡിക്കും നൽകാനാണോ പരിഗണനയിലുള്ളതു' ?

ശ്രീ. ഇ എം. ശങ്കരൻ നമ്പൂതിരിപ്പാട്: പല നിർദ്ദേശങ്ങളും പരിഗണനയിലിരിക്കുകയാണു'.

ടി. സി. സി. യിലെ ഉല്പന്നങ്ങൾ

6 [7] **ശ്രീ. പി. എസ്. നമ്പൂതിരി**
,, എം. രാമണ്ണറി
} താഴെ കാണുന്ന ചോദ്യത്തിനു' മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ടി. സി. സി യെപ്പറ്റിയുള്ള ശ്രീ. രാമൻകുട്ടിയുടെ റിപ്പോർട്ടിൽ വിജിലൻസ് ഉദ്യോഗസ്ഥന്മാരുടെ നടപടികളെപ്പറ്റിയുള്ള പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly